## പശ്ചിമഘട്ടം: സംഭാഷണം

വനംവകുപ്പിന്റെ ചരിത്രം തന്നെ മാറ്റിയെഴുതിക്കൊണ്ട് വനം സംരക്ഷിക്കുന്നതിനുള്ള ധീരമായ ഇടപെടലുകൾ നടത്തുന്ന ഉദ്യോഗസ്ഥനാണ് പി. ധനേഷ്കുമാർ. ചുരുങ്ങിയ കാലത്തെ ഔദ്യോഗിക ജീവിതത്തിനിടയിൽ കയ്യേറ്റങ്ങൾ നടന്ന വനഭൂമി ഏറ്റവും കൂടുതൽ തിരിച്ചുപിടിക്കാൻ കഴിഞ്ഞ ഉദ്യോഗസ്ഥനായി അദ്ദേഹം മാറി. സമ്മർദ്ദങ്ങളെയെല്ലാം അതിജീവിച്ച്, തന്റെ വഴി തുടരുകയാണ് ഇപ്പോൾ സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ധനേഷ്കുമാർ. 18 മണിക്കൂറോളം നീളുന്ന കൃത്യനിർവ്വഹണത്തിലെ തിരക്കുകൾക്കിടയിൽ അദ്ദേഹം കേരളീയവുമായി സംസാരിക്കുന്നു.

പി. ധനേഷ്കുമാർ/റോബിൻ

**നെല്ലിയാമ്പതിയിലെ കയ്യേറ്റങ്ങൾ ഇന്ന് സജീവ ചർച്ചാ വിഷയമാണ്. ഇത്രയേറെ മാധ്യമശ്രദ്ധയും പൊതുസമൂഹത്തിന്റെയും ചില രാഷ്ട്രീയ നേതൃത്വങ്ങളും പിന്തുണയും കിട്ടുന്നതിന് മുമ്പ് വളരെ ധീരമായ ഇടപെടൽ നടത്തി അനധികൃതമായി ഏക്കർ കണക്കിന് വനഭൂമി നെല്ലിയാമ്പതിയിലെ സ്വകാര്യ തോട്ടങ്ങളിൽ നിന്നും താങ്കൾ മുൻകൈയെടുത്ത് പിടിച്ചെടുത്തിട്ടുണ്ട്. നെന്മാറ ഡി.എഫ്.ഒ (Divisional Forest Officer) ആയിരുന്ന കാലത്ത് താങ്കൾ നെല്ലിയാമ്പതിയിൽ കണ്ടെത്തിയ കയ്യേറ്റങ്ങളാണ് ഇപ്പോഴും രാഷ്ട്രീയ വിവാദങ്ങളായി തുടരുന്നത്. നെല്ലിയാമ്പതിയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? പശ്ചിമഘട്ടത്തിലെ സമ്പന്നമായ ഈ വനമേഖല എങ്ങനെയാണ് ഈ അവസ്ഥയിലെത്തിയത്?**

രാജമല ഹിൽസിനോടും പളനി ഹിൽസിനോടും ചേർന്നു കിടക്കുന്ന പശ്ചിമഘട്ടത്തിലെ പ്രധാന മലനിരയാണ് നെല്ലിയാമ്പതി. പഴയ കൊച്ചി രാജ്യത്തിന്റെയും മദ്രാസ് സംസ്ഥാനത്തിന്റെയും ഭാഗമായിരുന്നു നെല്ലിയാമ്പതി മലനിരയും പറമ്പിക്കുളവും. ഇതിൽ വെങ്ങുനാട് കോവിലകത്തിന്റെ കീഴിലുള്ള സ്വാകാര്യ വനം മദ്രാസിന്റെ ഭാഗമായിരുന്നു. നെല്ലിയാമ്പതിയിലെ എസ്റ്റേറ്റ് ഭൂമിയും പറമ്പിക്കുളവും കൊച്ചി രാജ്യത്തിന്റെ കീഴിലും. 1860കൾ മുതൽ കൊച്ചി രാജാവ് സ്ഥലങ്ങൾ ബ്രിട്ടീഷുകാർക്ക് പാട്ടത്തിന് നൽകി. പാട്ടക്കരാറിൽ ഒരിക്കലും സ്ഥലങ്ങൾ വിൽക്കാൻ അനുമതി നൽകിയിരുന്നില്ല. കൃഷി ചെയ്യാൻ മാത്രമാണ് അധികാരം നൽകിയിരുന്നത്. പറമ്പിക്കുളത്ത് നിന്നും മരം മുറിച്ചുകടത്തുന്നതിനായി ബ്രിട്ടീഷുകാർ ചാലക്കുടിയിലേക്ക് ഒരു ട്രാംവേ നിർമ്മിച്ചു. ട്രാം നിർമ്മാണത്തിന് അനുമതി നൽകുന്നതിന് പകരമായി കൊച്ചിൻ പോർട്ട് വികസിപ്പിക്കാൻ സഹായിക്കാം എന്നതായിരുന്നു കരാർ. 1905ൽ ട്രാം യാഥാർത്ഥ്യമായി. അതോടെ വ്യാപകമായി മരം മുറിച്ചുകടത്തപ്പെട്ടു. പറമ്പിക്കുളം-നെല്ലിയാമ്പതി മേഖലയുടെ നാശം തുടങ്ങുന്നത് അന്നുമുതലാണ്. ബ്രിട്ടീഷുകാർ മരം മുറിച്ചുകടത്തുന്നത് കണ്ട് ഭയന്ന കൊച്ചി രാജാവ് കൊച്ചിൻ ഫോറസ്റ്റ് മാനുവൽ കൊണ്ടുവരുകയും എസ്റ്റേറ്റുകൾ റിസർവ് വനമായി നിലനിർത്തുകയും ചെയ്തു. 1933ൽ കൊച്ചിൻ ഫോറസ്റ്റ് ആക്ട് നിലവിൽ വരുകയും തരിശായി കിടന്നിരുന്ന നെല്ലിയാമ്പതിയിലെ മലനിരകളും റിസർവ് വനങ്ങളായി മാറുകയും ചെയ്തു. കേരള സംസ്ഥാനം രൂപ

# വനഭൂമി നഷ്ടപ്പെടുന്നത് കണ്ടുനിൽക്കാനാകില്ല



പി. ധനേഷ്കുമാർ

പ്പെട്ടതോടെ കൊച്ചി രാജ്യത്തിന്റെ അധീനതയിലുണ്ടായി രുന്ന സ്ഥലങ്ങളെല്ലാം കേരളത്തിന്റെ ഭാഗമായി. നെല്ലി യാമ്പതിയിലെ എസ്റ്റേറ്റുകളും അതിൽ ഉൾപ്പെടുന്നു. വെങ്ങുനാട് കോവിലകത്തിന്റെ പാട്ടഭൂമികൾ സ്വകാര്യവ്യ ക്തികളുടെ കൈവശം തന്നെ തുടർന്നു. ഭൂപരിഷ്കരണ നിയമം തോട്ടങ്ങളെ ഒഴിവാക്കിയതിനാൽ തോട്ടങ്ങൾ കൈവശം വയ്ക്കുന്നതിന് കണക്കില്ലാതെയായി. 1971ലെ സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുനൽകലും) നിയമപ്രകാരമാണ് സ്വകാര്യവനങ്ങൾ സർക്കാറിന്റെ കൈവശമാകുന്നത്. 1971ലെ നിയമം നിലവിൽ വരുന്നതിന് മുമ്പ് ആർക്കെങ്കിലും ആ ഭൂമിയിൽ കൃഷിയുണ്ടായിരുന്ന തായി രേഖകൾ കാണിച്ചാൽ അവരുടെ ഭൂമി ഏറ്റെടുക്കു ന്നതിൽ നിന്നും ഒഴിവാക്കപ്പെടും. ആ പഴുത് ഉപയോഗി ച്ചാണ് നെല്ലിയാമ്പതിയിൽ കയ്യേറ്റം വ്യാപകമായത്. പല സ്ഥലത്ത് നിന്നും ആളുകൾ വന്ന് കാട് നശിപ്പിച്ച് തോട്ട ങ്ങളാക്കിമാറ്റി. 1971ന് മുമ്പ് കൃഷിയുണ്ടായിരുന്നതായി വ്യാജരേഖകളുമുണ്ടാക്കി.

**അനധികൃത കയ്യേറ്റങ്ങൾ എവിയെയെല്ലാമാണ് കണ്ടെ ത്തിയത്? താങ്കൾ ഏതെല്ലാം എസ്റ്റേറ്റുകളാണ് തിരിച്ചു പിടിച്ചത്?**

52 എസ്റ്റേറ്റാണ് കൊച്ചി രാജാവ് പാട്ടത്തിന് കൊടുത്തിരു ന്നത്. സ്റ്റേറ്റ് രൂപീകൃതമായതോടെ അതെല്ലാം സർക്കാറി ന്റേതായി മാറി. സർക്കാറിന്റെ അനുമതിയോടെ പാട്ടങ്ങൾ തുടരുകയായിരുന്നു. അതിൽ 32 എണ്ണവും പാട്ടക്കരാർ ലംഘിച്ചിട്ടുണ്ട്. പാട്ടകാലാവധി തീർന്നിട്ടും എസ്റ്റേറ്റ് കൈമാറിയില്ല, കരാർ ലംഘിച്ച് പാട്ടഭൂമി അനധികൃതമായി വിൽപ്പന നടത്തി, പാട്ടഭൂമി പണയപ്പെടുത്തി വായ്പയെ ടുത്തു, വനംകയ്യേറി, അനധികൃതമായി ടൂറിസം കൊണ്ടു വന്നു തുടങ്ങിയ നിയമലംഘനങ്ങളാണ് പ്രധാനമായും കണ്ടെത്തിയത്. വെങ്ങുനാട് കോവിലകം പാട്ടത്തിന് നൽകിയ ഭൂമി സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമ പ്രകാരം സർക്കാറിലേക്ക് വന്നതാണ്. അവിടെ നടക്കുന്ന നിയമലംഘനങ്ങൾക്കെതിരെ കസ്റ്റോഡിയന് നിലപാടെ ടുക്കാം. കസ്റ്റോഡിയൻ കൺസർവേറ്ററാണ്. അങ്ങനെ നെന്മാറ ഡി.എഫ്.ഒ ആയിരുന്ന എനിക്ക് 14 എസ്റ്റേറ്റുക ളിലെ കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കാൻ കഴിഞ്ഞു. 32 എസ്റ്റേ റ്റുകളിൽ നിയമലംഘനമുണ്ടെന്ന് കാണിച്ച് കേസു കൊടുത്തിട്ടുണ്ട്. നിയമലംഘനം നടത്തിയതായി കോടതിക്ക് ബോധ്യമായതിനെ തുടർന്ന് അഞ്ച് എസ്റ്റേറ്റുകൾ തിരിച്ചുപിടിച്ചു. അതിൽ തന്നെ ചെറു നെല്ലി എസ്റ്റേറ്റ് വിവാദങ്ങളിൽ കുടുങ്ങിക്കിടക്കുക യാണ്. കേസിൽ കുടുക്കികിടത്തി തീരുമാനം അനു കൂലമാക്കി മാറ്റാനുള്ള ശ്രമമാണ് നിയമലംഘകർ നടത്തുന്നത്. 6000 ഏക്കറിന്റെ നിയമലംഘനം നെല്ലി യാമ്പതിയിൽ കണ്ടെത്തിയിട്ടുണ്ട്. എല്ലാം കേസിൽപ്പെട്ടുകിടക്കുകയാണ്.

**വനം കേസുകൾ കോടതിയിലെത്തുമ്പോൾ സർക്കാർ നിരന്തരം പരാജയപ്പെടുകയാണല്ലോ? വനം വകുപ്പ് ശരിയായ ദിശയിലല്ലേ കേസുകൾ എടുക്കുന്നത്? കേസ് നടത്തിപ്പിൽ എന്താണ് സംഭ വിക്കുന്നത്?**

കേസ് നടത്തുന്നത് വനംവകുപ്പല്ല, സർക്കാറാണ്. അതു തന്നെയാണ് പ്രശ്നം. രാഷ്ട്രീയക്കാർ നിയമിക്കുന്നവ രാണ് ഗവൺമെന്റ് പ്ലീഡർമാരായി വരുന്നത്. രാഷ്ട്രീയ ക്കാരുടെ സ്ഥാപിതതാത്പര്യം സംരക്ഷിക്കാൻ അവർ ശ്രമിക്കും. രാഷ്ട്രീയ പാർട്ടികൾക്കെല്ലാം നെല്ലിയാമ്പതി യിൽ അത്തരം താത്പര്യങ്ങളുണ്ട്. മുൻ സർക്കാറിന്റെ കാലത്ത് ഗവൺമെന്റ് പ്ലീഡർമാരായിരുന്നവർ ഇപ്പോൾ കയ്യേറ്റക്കാരുടെ വക്കീലന്മാരായി എത്തുന്ന പ്രതിഭാസവു മുണ്ട്. സർക്കാർ വക്കീൽ ആയിരുന്ന കാലത്ത് നമ്മൾ മുന്നോട്ട് വയ്ക്കുന്ന എല്ലാ ലീഗൽ പോയിന്റുകളും മന സ്സിലാക്കിയയാൾ പിന്നീട് കയ്യേറ്റക്കാരുടെ വക്കീലായെ ത്തുമ്പോൾ നമ്മൾ എങ്ങനെ ജയിക്കും? വനംവകുപ്പിന് ഒരു ലീഗൽ അസിസ്റ്റന്റ് ഇല്ല. ഗവൺമെന്റ് പ്ലീഡർമാർ മാത്രമേയുള്ളൂ. കയ്യേറ്റം കണ്ടെത്തുന്ന ഉദ്യോഗസ്ഥൻ തന്നെ കേസ് നടത്തുന്നതിനും മുൻകൈയെടുക്കേണ്ട അവസ്ഥയാണുള്ളത്. ഭൂമി തട്ടിയെടുക്കൽ അത്രയ്ക്ക് വ്യാപകമാണ്. കയ്യേറ്റം നടത്തുകയും, കേസു നടത്തി ഭൂമി സ്വന്തമാക്കുകയുമാണ് ഇപ്പോൾ കയ്യേറ്റക്കാർ പ്രയോഗി ക്കുന്ന തന്ത്രം. അതുകൊണ്ട് കേസുകൾ കൈകാര്യം ചെയ്യാൻ വനംവകുപ്പിൽ ഒരു സംവിധാനം തന്നെ രൂപ പ്പെടുത്തേണ്ടിയിരിക്കുന്നു.

**വനസംരക്ഷണത്തിൽ വനംവകുപ്പ് പരാജയമാണെ ന്നാണോ വർദ്ധിച്ചുവരുന്ന കയ്യേറ്റങ്ങൾ സൂചിപ്പിക്കു ന്നത്?**

നിരവധി പരാധീനതകൾക്ക് നടുവിൽ പണിയെടുക്കേണ്ടി വരുന്നവരാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ. വലിയ ഏരിയ കൈകാര്യം ചെയ്യാൻ രണ്ട് ഗാർഡും ഒരു ഫോറസ്റ്ററുമാ ണുള്ളത്. നിലവിൽ 2000 ഗാർഡുകളുടെ കുറവാണ് വനം വകുപ്പിലുള്ളത്. ഭീഷണികൾ ദിനംപ്രതി കൂടിക്കൊണ്ടി രിക്കുന്നു. കേരളത്തിൽ ഭൂമി അവശേഷിക്കുന്നത് വനംവകുപ്പിന്റെ കൈയിൽ മാത്രമാണ്. റവന്യൂഭൂമി മുഴു വൻ കയ്യേറിക്കഴിഞ്ഞു. ഭൂസമരങ്ങളും വ്യാപകമാവുകയാ ണ്. പണ്ട് കയ്യേറ്റമാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ തട്ടി യെടുത്ത് സ്വന്തമാക്കലാണ് നടക്കുന്നത്. കയ്യേറ്റങ്ങൾ നിയ മപരിരക്ഷ നേടിയെടുക്കുന്നു. എല്ലാ വകുപ്പുകൾക്കും വിക സന പ്രവർത്തനങ്ങൾക്കായി ഭൂമി വേണം. ഭൂമി ആകെ

അവശേഷിക്കുന്നത് വനംവകുപ്പിന്റെ കൈവശം മാത്രം. കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് കൈമാറാൻ കഴിയില്ല. അതുകൊണ്ടു തന്നെ മറ്റ് ആവശ്യങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നതിന് വനംവകുപ്പ് എതിർപ്പ് പ്രകടിപ്പിക്കുന്നു. അങ്ങനെ വനംവകുപ്പ് സർക്കാറിന്റെ തന്നെ മറ്റ് വകുപ്പുകളുടെ ശത്രുവായി മാറുന്നു. കളക്ട്രേറ്റിൽ ഒരു മീറ്റിംഗിന് പോയാൽ വനംവകുപ്പ് സമ്മതിക്കാത്തതുകാരണം നടക്കാതെപോയി എന്ന് പരാതി പറയുന്ന ഒരു കെട്ട് ഫയലുകളുണ്ടാകും. മരം മുറി നിർത്തിയതോടെ റവന്യൂ കുറയുകയും സർക്കാർ വനംവകുപ്പിനായി നീക്കിവയ്ക്കുന്ന ഫണ്ട് കുറയുകയും ചെയ്തു. നേരിടേണ്ടിവരുന്ന ഭീഷണി അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. ടൂറിസം കൂടി, ക്വാറികൾ കൂടി. എല്ലാം കൂടി ഇപ്പോഴുള്ള ജീവനക്കാർക്ക് മാത്രം കൈകാര്യം ചെയ്യാൻ കഴിയാതെയായി. താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ ജോലിഭാരം കാരണം വനംവകുപ്പിൽ തുടരാൻ ആഗ്രിക്കുന്നില്ല. ഞാൻ നിയമിച്ച 15ൽ 12 പേർ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ ജോലി കിട്ടിയപ്പോൾ പിരിഞ്ഞുപോയി.

**കേരളത്തിലെ പല സ്ഥലങ്ങളിൽ ജോലി ചെയ്ത അനുഭവത്തിൽ നിന്നും പശ്ചിമഘട്ടത്തിലെ വനങ്ങൾ നേരിടുന്ന ഭീഷണി എന്തെല്ലാമാണെന്നാണ് കാണാൻ കഴിഞ്ഞത്?**

വികസനത്തെക്കുറിച്ചുള്ള സങ്കൽപ്പം തന്നെയാണ് എല്ലായിടത്തും വനത്തിന് ഭീഷണിയായി നിൽക്കുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾ കൂട്ടുന്ന തരത്തിലുള്ള ഇടപെടലാണ് ഇന്നത്തെ വികസനം നടത്തിക്കൊണ്ടിരിക്കുന്നത്. സ്ഥലം വാങ്ങിക്കൂട്ടുക എന്നതാണ് കേരളത്തിൽ ഇപ്പോൾ പ്രധാനമായും നടക്കുന്ന കാര്യം. നിലവിലെ വികസന സങ്കൽപ്പത്തിനനുസരിച്ചുള്ള ഭൂമിയില്ല എന്നതാണ് വനം വകുപ്പിന് മേൽ വരാൻ പോകുന്ന വലിയ ഭീഷണി.

മനുഷ്യനും വന്യജീവികളും തമ്മലുള്ള സംഘർഷം വർദ്ധിക്കുന്നതാണ് മറ്റൊരു പ്രശ്നം. വനംവകുപ്പിന്റെ മൃഗങ്ങളായാണ് ജനങ്ങൾ വന്യമൃഗങ്ങളെ കാണുന്നത്. വന്യമൃഗശല്യമുണ്ടാകുന്നിടത്തെല്ലാം ജനങ്ങൾ വനംവകുപ്പിനെതിരെ തിരിഞ്ഞിരിക്കുകയാണ്. പല ഉദ്യോഗസ്ഥരെയും കയ്യേറ്റം ചെയ്യുകയും ബന്ദിയാക്കി വയ്ക്കുന്നതും പതിവായിരിക്കുന്നു. വനംവകുപ്പിനെതിരെയുള്ള ഫലപ്രദമായ ആയുധമായി മാഫിയകൾ ഈ സന്ദർഭത്തെ ഉപയോഗിക്കുകായണ്. നിലമ്പൂരിൽ വന്യമൃഗങ്ങൾ ഇറങ്ങി എന്ന പേരിൽ ഒരു റേഞ്ച് ഓഫീസറുടെ ചെവിക്കല്ല് അടിച്ചുപൊട്ടിച്ചു. വന്യജീവികളുടെ സഞ്ചാരപഥങ്ങൾ മുറിഞ്ഞുപോയതുകൊണ്ടും കാലാവസ്ഥാ വ്യതിയാനം കാരണവുമാണ് വന്യമൃഗങ്ങൾ കാടുവിട്ട് പുറത്തിറങ്ങുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ തോത് അത്രയ്ക്ക് കൂടുതലാണ്. ഡക്കാൺ പീഠഭൂമിയുടെ സ്വഭാവം പശ്ചിമഘട്ടത്തിലേക്ക കയറിവന്നുകൊണ്ടിരിക്കുകയാണ്. വയനാട്ടിൽ അത് പ്രകടമായി മനസ്സിലാകും. വരണ്ട പ്രദേശത്ത് കാണുന്ന ചന്ദനം ഇപ്പോൾ വയനാട്ടിലും വ്യാപകമായിരിക്കുന്നു. വയനാട് വന്യജീവി സങ്കേതം വരണ്ട് തുടങ്ങിയിരിക്കുന്നു. സർക്കാർ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ഇതിന് പരിഹാരം കാണാൻ ശ്രമിക്കണം. സൗരോർജ്ജ വേലി കെട്ടിയതുകൊണ്ടുമാത്രം പ്രശ്നങ്ങൾ അവസാനിക്കണമെന്നില്ല.

ടൂറിസമാണ് മറ്റൊരു ഭീഷണി. കാടിനോട് ചേർന്നുള്ള ടൂറിസത്തിനാണ് വലിയ ഡിമാൻഡ്. ഹോംസ്റ്റേകൾ വ്യാപകമാകുന്നു. ഭൂപ്രദേശത്തിന്റെ സ്വാഭാവം തന്നെ മാറ്റിമറിക്കുന്ന രീതിയിലാണ് ടൂറിസം അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. വയനാട് ജില്ലയിൽ ഓടുന്ന ടിപ്പർ ലോറികളിലധികവും ടൂറിസം നിർമ്മാണ പ്രവർത്തനങ്ങൾക്കായാണ് ഓടുന്നത്. ഇങ്ങനെ പോയാൽ വയനാട് ജില്ല വൈകാതെ കുടിവെള്ളത്തിനായി മലയിറങ്ങേണ്ടിവരും. കുറിച്യാർ മല, ബാണാസുര മല, ചെമ്പ്ര, ബ്രഹ്മഗിരി എന്നീ മലകളിൽ നിന്നുള്ള വെള്ളം മാത്രമെ വയനാട് ജില്ലക്കാർക്ക് കിട്ടൂ. പശ്ചിമഘട്ടത്തിൽ നിന്നുള്ള മറ്റ് ചോലകളെല്ലാം താഴെയുള്ള ജില്ലകളിലേക്കാണ് ഒഴുകിയെത്തുന്നത്. അതുകൊണ്ട് വരൾച്ച ഇപ്പോൾ വയനാട്ടിൽ വളരെ കൂടുതലാണ്. അതൊന്നും പരിഗണിക്കാതെ ഈ പറഞ്ഞ മലകൾ കൂടി തുരന്ന് പാറയെടുത്തുകൊണ്ടിരിക്കുകയാണ്.

**വനം സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിൽ വനം വകുപ്പിന് പ്രാദേശിക സമൂഹത്തിന്റെ പിന്തുണ എത്രത്തോളം കിട്ടുന്നുണ്ട്? പല സ്ഥലങ്ങളിൽ, പ്രത്യേകിച്ച് പൊതുസമൂഹവുമായി സമ്പർക്കമുള്ള ടെറിട്ടോറിയൽ ഡിവിഷനുകളിൽ ഡി.എഫ്.ഒ ആയി പ്രവർത്തിച്ച താങ്കളുടെ അനുഭവം എന്താണ്?**

എന്റെ അനുഭവത്തിൽ ഒരു സ്ഥലത്തും പൊതുസമൂഹം വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് തടസ്സം നിന്നിട്ടില്ല. നെല്ലിയാമ്പതിയിൽ തോട്ടങ്ങൾ തിരിച്ചുപിടിച്ച സമയത്തെല്ലാം എസ്റ്റേറ്റുകാരുടെയും ചില രാഷ്ട്രീയ നേതൃത്വങ്ങളുടെയും ഭീഷണി എനിക്കുണ്ടായി. പൊതുസമൂഹത്തിൽ നിന്നും ലഭിച്ച പിന്തുണയാണ് എനിക്ക് തുടർന്നും മുന്നോട്ട് പോകാൻ അവസരം തന്നത്. നീതിപൂർവ്വം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരോട് പൊതുവെ ജനങ്ങൾക്ക് മമതയുണ്ട്. എസ്റ്റേറ്റ് - ടൂറിസം ലോബികൾ വനംവകുപ്പിനെതിരെ അവരെ വഴിതരിച്ചുവിടാൻ ശ്രമിക്കുന്നുണ്ട്. അങ്ങനെയുള്ളിടത്ത് മാത്രമാണ് കുഴപ്പങ്ങളുള്ളത്. വനംവകുപ്പിന് ഉള്ളിൽ നിന്നും എല്ലായിടത്തും എനിക്ക് നല്ല ടീമിനെയാണ് കിട്ടിയിട്ടുള്ളത്. അതും ഒരു ബലമായിരുന്നു. ഈ കാണുന്ന കാടും മലയും പുഴയുമെല്ലാം സംരക്ഷിക്കാൻ ബാധ്യസ്ഥരാണ് നമ്മൾ എന്ന ഉത്തമബോധ്യമുള്ള ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സഹകരണം കിട്ടിയിട്ടുണ്ട്.

കയ്യേറ്റക്കാരുടെ സമ്മർദ്ദം ഒരുവശത്ത് ഉള്ളപ്പോൾ തന്നെ അത്രവേഗം ആർക്കും വനഭൂമി കൈവശപ്പെടുത്താൻ കഴിയാത്ത സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. പ്രാദേശിക സമൂഹം ജാഗ്രത പുലർത്തുന്നുണ്ട്. കയ്യേറ്റങ്ങൾ വനംവകുപ്പിനെ അപ്പപ്പോൾ അറിയിക്കുന്ന തരത്തിലുള്ള ഒരു ബന്ധം പല സ്ഥലത്തും നിലനിൽക്കുന്നുണ്ട്. കയ്യേറ്റത്തിന്റെ രീതി ഇന്ന് മാറിയിരിക്കുന്നു. നിയവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുന്നവർ ഇന്ന് കുറവാണ്. കയ്യേറ്റം എത്രയും വേഗത്തിൽ നിയമപരമാക്കാനുള്ള

ശ്രമങ്ങളാണ് നടക്കുന്നത്. അക്കാരണത്താൽ നിയമയുദ്ധം വളരെ പ്രധാനമായിത്തീർന്നിരിക്കുന്നു.

**വനംവകുപ്പിലേക്ക് എത്തിച്ചേർന്ന വഴി? പോരാട്ടങ്ങളുടെ ചരിത്രം?**

അച്ഛന്റെ താത്പര്യ പ്രകാരമാണ് ഞാൻ വനപഠനങ്ങളിലേക്ക് എത്തുന്നത്. കൃഷിയിൽ ബുരുദപഠനം കഴിഞ്ഞ എന്നോട് എം.എസ്.സി ഫോറസ്റ്ററി എടുക്കണമെന്ന് പറഞ്ഞത് അച്ഛനാണ്. ഗവേഷണമായിരുന്നു താത്പര്യം. അതിന് മുമ്പ് റേഞ്ച് ഓഫീസറായി സെലക്ഷൻ കിട്ടി. കോഴിക്കോടായിരുന്നു ആദ്യ നിയമനം, 1999ൽ. പിന്നെ കണ്ണൂരിലെത്തി. അവിടെ മരംമുറിക്കെതിരെ നടപടിയെടുത്തതിനെ തുടർന്ന് അട്ടപ്പാടിയിലേക്ക് സ്ഥലം മാറ്റി. കഞ്ചാവ് വേട്ടയായിരുന്നു അവിടെ പ്രധാനമായും നടത്തിയത്. കഞ്ചാവ് ലോബിയുടെ പിടിയിലായിരുന്നു അട്ടപ്പാടി പ്രദേശം. തുടർച്ചയായ റെയ്ഡിലൂടെയും തീയിട്ട് നശിപ്പിച്ചും ഒരുപാട് കുറയ്ക്കാൻ കഴിഞ്ഞു. നേരിട്ടുള്ള പോരാട്ടം തന്നെയാണ് അവിടെ നടന്നത്. പിന്നീട് എന്നെ വയനാട്ടിലേക്ക് മാറ്റി. കറുപ്പാൽ ലോബികൾക്കെതിരെ നടപടിയെടുത്തതിനെ തുടർന്ന് അട്ടപ്പാടിയിലേക്ക് സ്ഥലം മാറ്റി. വനം വകുപ്പിന്റെ ചെതലയം ഓഫീസ് മാഫിയകൾ കത്തിക്കുന്നതുൾപ്പെടെയുള്ള സംഭവങ്ങൾ വയനാട്ടിൽ ഉണ്ടായി.

അട്ടപ്പാടിയിൽ നിന്നും ചാലക്കുടിക്കാണ് മാറ്റം കിട്ടിയത്. അന്തർസംസ്ഥാന വേട്ടക്കാരുടെ ഭീഷണിയുള്ള സ്ഥലമായിരുന്നു ചാലക്കുടി. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നുമുള്ളവരായിരുന്നു വേട്ടയ്ക്ക് പിന്നിൽ. 47 വേട്ടക്കാരെ പിടിക്കാൻ കഴിഞ്ഞു. നേരിട്ടുള്ള മൽപ്പിടുത്തം പല സമയത്തും നടത്തേണ്ടതായി വന്നു. മണൽലോബിയുമായുണ്ടായ സംഘർഷത്തിൽ ഫോറസ്റ്റർ പോൾ മരിക്കുന്നത് അക്കാലത്താണ്. ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥനായിരുന്നു പോൾ. വെറ്റിലപ്പാറയ്ക്കടുത്ത് മണൽക്കടത്ത് നടക്കുന്നതറിഞ്ഞ് ഞാൻ തന്നെയാണ് പോളിനെ അവിടേക്ക് അയച്ചത്. മണൽ പിടിച്ച ലോറിയുമായി വരുന്ന വഴിക്ക് അവർ കഴുത്തിന് പിടിക്കുകയും ലോറി നിയന്ത്രണം വിട്ട് മരത്തിലിടിച്ച് പോൾ മരിക്കുകയും ചെയ്തു. പോളിന്റെ മരണം എന്നെ വല്ലാതെ ബാധിച്ചു. ജോലിയിൽ തുടരാനുള്ള താത്പര്യം വരെ നഷ്ടപ്പെട്ടു. അങ്ങനെയാണ് എന്നെ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലേക്ക് കുറച്ചു നാളത്തെ ട്രെയിനിംഗിന് വിട്ടത്. ഔദ്യോഗിക ജീവിതത്തിൽ ഏറ്റവും വിഷമിപ്പിച്ച സംഭവമായിരുന്നു പോളിന്റെ മരണം.

ട്രെയിനിംഗ് കഴിഞ്ഞ് തിരിച്ചെത്തിയ എന്റെ നിയമനം മറയൂരിലായിരുന്നു. 2007ൽ വനംവകുപ്പ് ചന്ദനകൊള്ളക്കാർക്കെതിരെ അന്തർസംസ്ഥാന ഓപ്പറേഷൻ നടത്തുന്നത് ഞാൻ അവിടെയുള്ള സമയത്താണ്. ചന്ദനവേട്ടയിൽ നിരവധി കൊള്ളക്കാർ പിടിക്കപ്പെട്ടെങ്കിലും വനം വകുപ്പിനും വലിയ നഷ്ടങ്ങളുണ്ടായി. ഉദ്യോഗസ്ഥന്മാർ ആക്രമിപ്പെട്ടു. ഒരു വാച്ചർ മരിച്ചു. മറയൂരിൽ നിന്നും വയനാട്ടിലേക്കാണ് പിന്നീട് പോകുന്നത്. 12 ഏക്കർ നിക്ഷിപ്ത വനം സ്വകാര്യവ്യക്തിക്ക് എഴുതിക്കൊടുക്കാൻ വിസമ്മതിച്ചതിനെ തുടർന്നാണ് നെന്മാറയിലേക്ക് എന്നെ സ്ഥലം മാറ്റുന്നത്. 2009 മുതൽ രണ്ട് വർഷം അവിടെ ഡി.എഫ്.ഒ ആയിരിക്കെയാണ് നെല്ലിയാമ്പതി ഓപ്പറേഷനുകൾ മുഴുവൻ നടത്തിയത്. കയ്യേറ്റക്കാരുടെ പക്കൽ നിന്നും ചരിത്രത്തിലെ ഏറ്റവും കൂടിയ അളവിൽ വനഭൂമി തിരിച്ചു പിടിച്ചത് അക്കാലത്താണ്, ഏകദേശം 3000 ഏക്കർ. അവിടെ നിന്നും സ്ഥലം മാറിയെത്തുന്നത് വയനാട്ടിലേക്കാണ്. 2011 മുതൽ ഇവിടെയുണ്ട്.

**വനം സംരക്ഷിക്കാനുള്ള, കയ്യേറ്റക്കാരെ നേരിടാനുള്ള ഈ ആർജ്ജവത്തിന് പിന്നിലെ കാരണമെന്താണ്?**

യുദ്ധം ചെയ്യാൻ തീരുമാനിച്ചവർക്ക് ഒരു ദിവസം പോലും വിശ്രമിക്കാൻ കിട്ടില്ല. അത്രയ്ക്ക് ഭീകരമായ സമ്മർദ്ദങ്ങളാണ് വനംവകുപ്പിന് മേൽ വന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ടെറിട്ടോറിയൽ ഡിവിഷനുകളിൽ. ഭൂമി തട്ടിയെടുക്കുന്നവർ കഴുകന്മാരെപ്പോലെയാണ് പെരുമാറുന്നതെന്ന് കുറച്ചുദിവസം മുമ്പ് പുറത്തുവന്ന ഒരു സുപ്രീം കോടതി വിധി സൂചിപ്പിക്കുകയുണ്ടായി. വളരെ കൃത്യമായ ഒരു പ്രയോഗമാണത്. ഭൂമി തട്ടിയെടുത്തവർക്കെതിരെ ആക്ഷനെടുത്താൽ കേസുകൊടുത്ത് അവർ അതിനെ നേരിടും. ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമായി നിരവധി കേസുകളുണ്ട്. ദൈനംദിന ജോലികൾക്കൊപ്പം അതും നോക്കണം.

ഒരിക്കലും മറുപടി കൊടുക്കാൻ കഴിയാത്ത തരത്തിലുള്ള ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം ഫയൽ ചെയ്യുകയാണ് മറ്റൊരു ദ്രോഹം. എന്റെ ഓഫീസിൽ വരുന്ന വിവരാവകാശ ഹർജികളിൽ 90 ശതമാനവും അത്തരത്തിലുള്ളതാണ്. വിവരം ലഭിക്കണം എന്നതല്ല അവരുടെ ഉദ്ദേശം. അവർ എത്ര ശ്രമിച്ചാലും വന ഭൂമി തിരിച്ചു പിടിക്കാനുള്ള ഈ യുദ്ധത്തിൽ ഏതറ്റം വരെയും ഞാൻ പോകും. ഭയം ഒട്ടുമില്ല. ജോലിഭാരം കാരണം സെറിബ്രൽ ഹെമറേജ് വരാൻ സാധ്യതയുണ്ട്, സൂക്ഷിക്കണമെന്ന് ഡോക്ടർ പറഞ്ഞത് മാത്രമാണ് ഒരാശങ്ക. ശരിക്കും കയ്യേറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കാനുള്ള സാധ്യതകൾ ഒരു ഡി.എഫ്.ഒയ്ക്കുണ്ട്. പോബ്സണെയോ പി.സി. ജോർജ്ജിനെ ശത്രുക്കളാക്കാതെ ശമ്പളം വാങ്ങാം. എന്നാൽ നമുക്ക് ഇനി നഷ്ടപ്പെടുത്താൻ കാടുകളില്ലെന്നും കാടുകൾ നഷ്ടപ്പെട്ടാൽ നമ്മളില്ലെന്നും ഓർക്കുക.

**കേരളീയം വരിസംഖ്യ**
**240 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ അഭിപ്രായങ്ങൾ**
എഴുതുക/വിളിക്കുക/അയക്കുക

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385,9446576943